നമ്പർ. 65/AC B5/2/AC B 5/AC B 5

**സർക്കുലർ**

വിഷയം:- എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം - റിഫ്രഷർ / ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള തീയതിയിലെ ഇളവ് ദീർഘിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് - രേഖകൾ പുന:സമർപ്പിക്കുന്നത് സംബന്ധിച്ച് .

സൂചന :- 1 . 27.09.2017 തീയതിയിലെ എസിബി 5/ 1/570/2017 നമ്പർ പരിപത്രം

2.യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 16.10.2018 തീയതിയിലെ F.No.2-16/2002(PS)Pt.FI.II നമ്പർ പബ്ളിക് നോട്ടീസ് .

3 . 05.01.2019 തീയതിയിലെ 49/2019/MGU – ADMINISTRATION നമ്പർ സർവകലാശാല ഉത്തരവ്

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 16.10.2018 തീയതിയിലെ സൂചന (2) പബ്ളിക് നോട്ടീസ് പ്രകാരം എയ്ഡഡ് കോളേജ് അദ്ധ്യാപകർ / കോളേജ് ലൈബ്രേറിയൻ തുടങ്ങിയവരുടെ സ്ഥാനക്കയറ്റവുമായി ബന്ധപെട്ട റിഫ്രഷർ / ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കാൻ 31.12.2013 വരെ നൽകിയിരുന്ന ഇളവ് 31.12.2018 വരെ ദീർഘിപ്പിച്ച് നൽകാൻ പരാമർശം (3) പ്രകാരം സർവകലാശാല തീരുമാനിച്ചു . ആയതിന്റെ അടിസ്ഥാനത്തിൽ 31.12.2013 നും 31.12.2018 നും ഇടയിൽ റിഫ്രഷർ / ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുത്ത എല്ലാ അദ്ധ്യാപകർക്കും സ്ഥാനക്കയറ്റത്തിന് അർഹമായ സർവീസ് പൂർത്തിയാകുന്ന തീയതിയിൽ തന്നെ സൂചന (1) പ്രകാരം സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

കരിയർ അഡ്വാൻസ്മെന്റ് സ്കീമിൽ സ്ഥാനക്കയറ്റം അനുവദിച്ചു കിട്ടുന്നതിനായി സർവകലാശാലയിൽ പി ബി എ എസ് പ്രൊഫോർമയും മറ്റു അനുബന്ധ രേഖകളും സമർപ്പിച്ച അദ്ധ്യാപകരിൽ , മേൽ പറഞ്ഞ ഇളവിന്റെ ആനുകൂല്യം വിനിയോഗിക്കുന്നവർ , പുതുക്കിയ സ്ഥാനക്കയറ്റ ഉത്തരവ് , ഓപ്ഷൻ ഫോം , പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രിൻസിപ്പാൾ മുഖേന സമർപ്പിക്കേണ്ടതാണ് .

M R Unni
രജിസ്ട്രാർ

സ്വീകർത്താവ്

1 .എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും
(ഇ-മെയിൽ മുഖേന)
2 .വൈസ് ചാൻസലറുടെ പി എസ്
3 .രജിസ്ട്രാറുടെ പി എ
4 .കണ്ടക്റ്റ് മാനേജ്മെന്റ് സെക്ഷൻ
5 .പി ആർ ഒ
6 .റെക്കോർഡ്സ് / സ്റ്റോക് ഫയൽ / ഫയൽ കോപ്പി

Draft #2 of File 65/AC B5/2/2019/AC B 5 Approved by REGISTRAR on 16-Jan-2019 02:40 PM - Page 1
മഹാത്മാഗാന്ധി സർവകലാശാല, കേരളം